**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>**

**6960** **ശ്രീ. കെ. ശിവദാസൻ നായർ**
**,, എ. പി. അബ്ദുള്ളക്കുട്ടി**
**,, ഐ. സി. ബാലകൃഷ്ണൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;**

(ബി) **ഇതിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുമോ;**

(സി) **രജിസ്ട്രേഷൻ നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ടോ;**

(ഡി) **ഇവരെ തൊഴിലിന് നിയോഗിക്കുന്ന തൊഴിൽ ഉടമകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുമോ;**

(ഇ) **രജിസ്ട്രേഷനായി എല്ലാ ജില്ലകളിലും കേന്ദ്രങ്ങൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ?**

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>**

6961 **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, ജോസഫ് വാഴക്കൻ**
**,, സി. പി. മുഹമ്മദ്**
**,, റ്റി. എൻ. പ്രതാപൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) എത്ര കുടുംബങ്ങളെ കൂടി ഈ പദ്ധതിയിൽ പങ്കാളികളാക്കുവാനാണ് ഉദ്ദേശിച്ചിട്ടുളളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മിനിമം വേജസ് അഡ്വൈസറി ബോർഡ്**

6962 ശ്രീ. ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ:

(സി) ബോർഡിന്റെ കാലാവധി എത്ര വർഷമാണ്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസ സൗകര്യം**

6963 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി പുതിയ പദ്ധതിയ്ക്ക് രൂപം കൊടുക്കുമോ ;

(സി) പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കിലെ ഏറ്റെടുത്തിട്ടുള്ള ഗവേഷണ പദ്ധതികൾ**

6964 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി
,, കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ഏറ്റെടുത്തു നടപ്പാക്കുന്ന ഗവേഷണ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം നല്കാമോ;

(ബി) ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരണം ഏതു വിധത്തിലാണെന്ന് വിശദമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ അധികമായി കേരളത്തിലേയ്ക്ക് കടന്നുവരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താൻ കിലെ മുഖേന വിവരശേഖരണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പഠനം നടത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

**6965** **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ കീഴിൽ ജില്ലാതലത്തിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) എത്ര പേർക്ക് ഈ കേന്ദ്രത്തിനു കീഴിൽ പരിശീലനം നേടാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാന സർക്കാരും ഇ.എസ്.ഐ കോർപ്പറേഷനും തമ്മിലുള്ള കരാർ</u>**

6966 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും ഇ.എസ്.ഐ കോർപ്പറേഷനും തമ്മിലുള്ള കരാർ പ്രകാരം ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികൾക്കാണ് വൈദ്യസഹായം നല്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ ചികിത്സാ വിഭാഗങ്ങളിൽ നിന്നുള്ള സേവനം തൊഴിലാളികൾക്ക് ലഭ്യമാണ്;

(സി) അതിവിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് അതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി</u>**

**6967** **ശ്രീ. കെ. ശിവദാസൻ നായർ**
**,, അൻവർ സാദത്ത്**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, സി. പി. മുഹമ്മദ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;**

(ബി) **ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;**

(സി) **പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് ആവശ്യമായിട്ടുളള നടപടികൾ എന്തെല്ലാം ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി</u>

6968 ശ്രീ. സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഗാർഹിക തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള സംവിധാനം**

6969

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കുന്ന തുച്ഛമായ വേതനവും ഭക്ഷണവും ജോലി സമയത്തിലെ ദൈർഘ്യവും മറ്റ് തരത്തിലുള്ള ചൂഷണങ്ങളും സംബന്ധിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഗാർഹിക തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിദിന വേതനം എത്രയാണെന്നു പറയാമോ; ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.07.2012 -ലെ മറുപടിക്ക്

## വ്യവസായ ബന്ധ സമിതിയിൽ പ്രാതിനിധ്യം

**6970 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുമായി ബന്ധപ്പെട്ട വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആശുപത്രി ഉടമകളുടെ പ്രതിനിധികളായി പ്രസ്തുത സമിതിയിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ആശുപത്രി ഉടമകളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്;

(ഇ) 1973 ൽ രൂപീകരിച്ചതും 3500 ആശുപത്രികളുടെ പ്രാതിനിധ്യമുള്ളതുമായ ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് & ഹോസ്പിറ്റൽസ് അസോസിയേഷന്റെ പ്രതിനിധികൾക്ക് വ്യവസായ ബന്ധ സമിതിയിൽ പ്രാതിനിധ്യം നൽകാത്തതിനുള്ള കാരണമെന്ത്;

(എഫ്) പ്രസ്തുത അസോസിയേഷന്റെ പ്രതിനിധികളെ കൂടി വ്യവസായബന്ധ സമിതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനവും അതിനെതിരെ മാനേജ്മെന്റ് നൽകിയ നിവേദനവും**

6971

**ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ശുചീകരണത്തൊഴിലാളികൾ എന്നിവർക്കെല്ലാം മിനിമം വേതനം ലഭ്യമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ മിനിമം വേതനം നടപ്പിലാക്കിയാൽ അതിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളുടെ നിവേദനങ്ങളാണ് ലഭിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ;

(സി) മിനിമം വേതനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന മാനേജ്മെന്റുകളുടെ നിവേദനത്തിന്മേൽ എന്ത് നടപടിയാണു സ്വീകരിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ബാലവേല</u>

6972 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല കർശനമായി തടയുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് അവസാനം സർക്കാർ പുറത്തിറക്കിയ ഉത്തരവ് ഏതാണ്;

(സി) ബാലവേല എന്ന കുറ്റകൃത്യത്തിന്റെ പേരിൽ സംസ്ഥാനത്ത് 2012 ജനുവരി മുതൽ 2012 ജൂൺ വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുവാൻ നടപടി</u>**

**6973 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഉദ്യോഗാർത്ഥികൾക്ക് വിവിധ മേഖലകളിൽ നൈപുണ്യമുണ്ടാക്കുന്നതിനും തൊഴിൽ ദാതാക്കൾ ആവശ്യപ്പെടുന്ന രീതിയിൽ പരിശീലനം നൽകാനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളിലേക്കും ഗവൺമെന്റ് സഹായം നൽകുന്ന പൊതു സ്ഥാപനങ്ങളിലേക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ**

**6974 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും വിവിധ എംപ്ലോയ്മെന്റ് ഓഫീസുകളിലും ധാരാളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര വീതം എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതു മൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടക്കേണ്ട താൽക്കാലിക നിയമന നിർദ്ദേശങ്ങൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നടപടികളിൽ കാലതാമസമുണ്ടായാൽ അത് വിവിധ സ്ഥാപനങ്ങളിൽ കരാർ ജീവനക്കാരെ നേരിട്ടു നിയമിക്കുവാൻ ഇടവരികയും ആയത് അഴിമതിക്ക് കാരണമാകുവാൻ ഇടവരുമെന്നതും ഗൗരവമായി കാണുന്നുണ്ടോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് ആസ്ഥാന മന്ദിരം**

6975 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ ആസ്ഥാന മന്ദിരത്തിന്റെ മാസവാടക എത്രയാണ്; എത്രനാളായി നിലവിലുള്ള കെട്ടിടത്തിൽ ഡയറക്ട്രേറ്റ് പ്രവർത്തിച്ചുവരുന്നു;

(ബി) പ്രസ്തുത മന്ദിരത്തിന്റെ പരിമിതികളെ സംബന്ധിച്ച പരാതികളും പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികാസ് ഭവനിലെ 'തൊഴിൽ ഭവൻ' നിർമ്മിക്കുമ്പോൾ ആയതിലേക്ക് ഡയറക്ടറേറ്റ് മാറ്റുന്നതിനുള്ള തീരുമാനം ഉണ്ടായിരുന്നോ;

(ഡി) 'തൊഴിൽ ഭവൻ' നിർമ്മാണത്തിന് വകുപ്പിന്റേതായി എന്തു തുക ഉപയോഗപ്പെടുത്തിയിട്ടുണ്ട്; എങ്കിൽ ആസ്ഥാന മന്ദിരം തൊഴിൽ ഭവനിലേക്കു മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഇ) തൊഴിൽ ഭവനിൽ, പ്രസ്തുത ആസ്ഥാന മന്ദിരം മാറ്റി സ്ഥാപിക്കുന്നതിന് സൗകര്യമുണ്ടോ; ഇല്ലെങ്കിൽ തലസ്ഥാനത്ത് മറ്റെവിടെയെങ്കിലുമുള്ള സർക്കാർ കെട്ടിടത്തിലേക്ക് ആസ്ഥാന മന്ദിരം മാറ്റുന്നതിന് സൗകര്യമുണ്ടോ; ആയതിന് നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ടോ; ഈ കാര്യത്തിലുള്ള നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യ വ്യക്തിക്ക് പ്രതിമാസം ഭീമമായ തുക വാടകയായി നൽകുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>വൈക്കത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം</u>

6976

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങി എന്നും ആയത് എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ;

(സി) വൈക്കത്ത് ഐ. റ്റി. ഐ. പോലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തൃശ്ശൂർ കൊരട്ടി പ്രീമിയർ ക്ലേ പ്രോഡക്ട്സിലെ തൊഴിലാളി കൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് നടപടി**

6977 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ പ്രീമിയർ ക്ലേ പ്രോഡക്ട്സ് എന്ന സ്ഥാപനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് അർഹമായ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ 30.6.2008-ലെ ജി. സി. 32/99-ാം നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ 30.6.2008-ലെ ഉത്തരവ് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിലെ നിയമന വ്യവസ്ഥ**

6978 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ നാളിതുവരെ എത്ര പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത ബോർഡിൽ എത്ര പെൻഷൻകാർ നിലവിലുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(സി) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ-ബോർഡ് ഓഫീസിലും, മറ്റ് ജില്ലാ ഓഫീസിലുമായി എത്ര പേർ ജോലി ചെയ്തുവരുന്നു; വിശദമായ കണക്ക് നൽകാമോ;

(ഡി) ബോർഡിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ എന്ന്;

(ഇ) എന്തുകൊണ്ടാണ് ബോർഡിലെ നിമയമനങ്ങൾ പി.എസ്.സി ക്ക് വിടാത്തത് എന്നറിയിക്കുമോ;

(എഫ്) ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള തീരുമാനം നിലവിലുണ്ടോ; എങ്കിൽ എന്തുകൊണ്ട് നിയമനം നടത്തുന്നില്ല എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഐ. ടി. ഐ. കളിൽ ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യം**

**6979**

**ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ 3 ഡി, 2ഡി സ്കീൽസ് ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഓട്ടോഡെസ്ക് എന്ന കമ്പനിയുമായി വ്യവസായ പരിശീലന വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഐ. ടി. ഐ. കളിലെ പഠനനിലവാരം**

6980 **ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഐ. ടി.ഐ കളിലെ പഠന നിലവാരം ഉയര്‍ത്തണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ കാലാകാലങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങള്‍ക്കൊപ്പം അതിനൂതനമായ സാങ്കേതിക വിദ്യകളും ഐ. ടി.ഐ കളില്‍ പഠന വിഷയമാക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**ഐ.റ്റി.ഐ.കളിൽ 2-ഡി, 3-ഡി സ്കിൽസ്**

6981 ശ്രീ. സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, എ.റ്റി. ജോർജ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.കളിൽ 2-ഡി, 3-ഡി സ്കിൽസ് ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനുവേണ്ടി കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇവ പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഐ. ടി. ഐ. കളിലെ ഒഴിവുള്ള തസ്തികകളും പരിശീലനം പൂര്‍ത്തിയാക്കിയവര്‍ക്ക് തൊഴിലവസരവും**

6982 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നിരവധി ഐ. റ്റി. ഐ. കളില്‍ പ്രിന്‍സിപ്പല്‍ ഉള്‍പ്പെടെയുള്ള തസ്തികകള്‍ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിനായി എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവില്‍ സംസ്ഥാനത്തെ ഗവ. ഐ. റ്റി. ഐ. കളില്‍ നിന്നും ഓരോ വര്‍ഷവും എത്ര പേര്‍ വീതം ട്രെയിനിംഗ് പൂര്‍ത്തിയാക്കി പുറത്തിറങ്ങുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇവര്‍ക്ക് മതിയായ തൊഴിലവസരം നല്‍കുവാന്‍ എന്തെങ്കിലും പദ്ധതികള്‍ തയ്യാറാക്കിയിട്ടുണ്ടെങ്കില്‍ ആയത് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>കേരള കൈത്തറിത്തോഴിലാളി ക്ഷേമനിധി ബോർഡ്</u>**

**6983 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരള കൈത്തറിതൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ;**

(ബി) **പ്രസ്തുത ബോർഡിൽ നിന്നും കൈത്തറി തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നു; വിശദാംശം ലഭ്യമാക്കുമോ;**

(സി) **കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പെൻഷൻകാർ നിലവിലുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകുമോ;**

(ഡി) **പെൻഷൻകാർക്ക് എത്ര കുടിശ്ശിക പെൻഷൻ നൽകാനുണ്ട്; എന്നു മുതലുള്ള കുടിശ്ശികയാണ് നൽകുവാനുള്ളത്?**

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പപ്പട നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

**6984** **ശ്രീ. വി. എസ്. സുനിൽ കുമാർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ജി. എസ്. ജയലാൽ**
**,, പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പപ്പട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും ഇന്ധന വില വർദ്ധനവും വൈദ്യുതി നിരക്ക് വർദ്ധനവും ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ തൊഴിലിനേയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പുതുതായി ഏർപ്പെടുത്തുന്ന ക്ഷേമനിധി പെൻഷനുകൾ**

**6985 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതുവിഭാഗം തൊഴിലാളികൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് നൽകുന്ന ക്ഷേമനിധി പെൻഷനുകൾക്ക് ഏതിലെങ്കിലും കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വിഭാഗത്തിലെന്നും എത്രമാസത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിഭാഗം തൊഴിലാളികൾക്കാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ക്ഷേമപെൻഷനുകളുടെ വിതരണം</u>**

**6986** **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമപെൻഷനുകൾ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രമാസത്തെ ഗഡു വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>തൊഴിൽ വകുപ്പിനു കീഴിലുള്ള തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക</u>**

**6987 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി അംഗങ്ങളുടെയും കയർ തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും പെൻഷൻ ഏത് തീയതിവരെയുള്ളതാണ് ഇതിനകം നൽകിയിട്ടുള്ളതെന്നും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്
വകുപ്പിന്റെ പ്രവർത്തനങ്ങൾ**

6988 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണോ എന്നറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**സഹകരണ മേഖലയിലെ ചെറുകിട തൊഴിൽ സംരംഭങ്ങളെ ഇ.എസ്.ഐ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി**

**6989 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൂലധനനഷ്ടമുണ്ടായിട്ടും കടക്കെണിയിൽ അകപ്പെട്ടിട്ടും തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കുവാനും തൊഴിൽ സംരക്ഷണം നൽകുവാനും തയ്യാറാകുന്ന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര ചെറുകിട തൊഴിൽ സംരംഭങ്ങൾ ഇ.എസ്.ഐ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(സി) കേന്ദ്രനിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരം തൊഴിൽ സംരംഭങ്ങളെ ഇ.എസ്.ഐ ബാധ്യതകളിൽ നിന്നും എങ്ങനെ ഒഴിവാക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും ചികിത്സാസഹായം</u>**

**6990** **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മതിയായ ചികിത്സാസഹായം ലഭിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരോ ആവശ്യമായ മരുന്നുകളോ ലഭ്യമല്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അറിവിലുണ്ടോ; എങ്കിൽ എന്തു പരിഹാര നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) സർക്കാരിൽനിന്നും ലഭിക്കേണ്ട കുടശ്ശിക താങ്ങാനാവാത്തതിനാൽ പല സ്വകാര്യ ആശുപത്രികളിലും ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും അയക്കുന്ന രോഗികൾക്ക് ചികിത്സ നൽകാൻ വിമുഖത കാണിക്കുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളും സർക്കാരും തമ്മിലുണ്ടാക്കിയിട്ടുളള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കരാർ പുതുക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഇ. എസ്. ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് ചികിത്സയ്ക്ക് ആനുകൂല്യങ്ങൾ**

**6991 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് ചികിത്സയ്ക്കുവേണ്ടി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇത്തരം തൊഴിലാളികൾക്ക് ലഭിക്കുന്ന ഇളവുകളും സാമ്പത്തിക സഹായങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇ. എസ്. ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് ചികിത്സ കഴിഞ്ഞാൽ ചികിത്സാ ചെലവ് എത്ര നാളിനുള്ളിൽ റീഫണ്ട് ചെയ്തുകിട്ടും എന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സയിൽ കഴിയുന്ന ഇ. എസ്. ഐ. ആനുകൂല്യമുള്ള തൊഴിലാളികൾക്ക് പേവാർഡിന് ഇളവ് ലഭിക്കുമോ എന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ**

**6992 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള എട്ട് പഞ്ചായത്തുകളിലെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ഡിസ്പെൻസറികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി അനുവദിച്ച തുകയും നവീകരണ പ്രവർത്തനങ്ങളും ഡിസ്പെൻസറികൾ തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം കൊണ്ടോട്ടിയിൽ ഇ. എസ്. ഐ. ഡിസ്പെൻസറി തുടങ്ങാൻ അനുമതി</u>**

**6993 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ 2 ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ഇ. എസ്. ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധമായ വിശദാംശം നൽകാമോ;

(ബി) ഇത് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?